**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 155** **13-09-2023 - ൽ മറുപടിയ്ക്ക്**

**കെ-സ്റ്റോർ പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കെ-സ്റ്റോർ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പദ്ധതി വഴി ഗ്രാമീണ മേഖലയിലെ റേഷൻകടകൾ നവീകരിക്കുന്നതിലൂടെ ഭക്ഷ്യവകുപ്പ് ലക്ഷ്യമിടുന്ന നേട്ടങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ; | (എ) | അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത കുറവായ മലയോര / വിദൂര / ഒറ്റപ്പെട്ട / ആദിവാസി മേഖലകൾക്ക് പ്രാധാന്യം നൽകിക്കൊണ്ടാണ് നിലവിൽ കെ-സ്റ്റോർ പദ്ധതിയിലേക്കുള്ള റേഷൻ കടകൾ തെരഞ്ഞെടുക്കുന്നത്. പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 108 കടകൾ തെരഞ്ഞെടുക്കുകയും അവ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 200 കടകൾ കൂടി കെ-സ്റ്റോറുകൾ ആക്കുന്ന നടപടി തുടർന്ന് വരുന്നു.<br><br>കെ-സ്റ്റോർ പദ്ധതി നടത്തുന്നതിനായി തെരെഞ്ഞെടുക്കുന്ന റേഷൻ കടകൾ വഴി സിറ്റിസൺ സർവീസ് സെന്റർ, സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങളുടെ വിൽപ്പന, സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉത്പന്നങ്ങൾ, ഐ.ഒ.സിയുടെ ചോട്ടു ഗ്യാസ് എന്നിവയുടെ വിപണനമാണ് നിലവിൽ നടന്ന് വരുന്നത്. ടി സേവനങ്ങൾക്ക് പുറമേ വ്യവസായ വാണിജ്യ വകുപ്പിന്റെ MSME ഉത്പന്നങ്ങൾ (96 ഉത്പന്നങ്ങൾ) കൂടി കെ-സ്റ്റോർ വഴി വിപണനം ചെയ്യുന്നതിനുള്ള ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ ഉത്പന്നങ്ങൾ, Meat Products of India യുടെ ഉത്പന്നങ്ങൾ, കൂടുതൽ മിൽമ ഉത്പന്നങ്ങൾ എന്നിവ കൂടി കെ-സ്റ്റോർ വഴി വിപണനം ചെയ്യുന്നതിനും വകുപ്പ് ലക്ഷ്യമിടുന്നു. ആയതിന്റെ പ്രാഥമിക ചർച്ചകൾ നടന്നു വരുന്നു.<br><br>പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിനും നിലവിൽ റേഷൻകടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും, ഉത്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നത് വഴി |

| | | | |
|---|---|---|---|
| | | | റേഷൻകടയുടമകൾക്ക് ഒരു അധിക വരുമാന മാർഗ്ഗമാണ് കെ-സ്റ്റോർ എന്ന പദ്ധതി കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്. |
| (ബി) | ഉദ്ഘാടനം ചെയ്ത് ഒരു വർഷം പിന്നിട്ടിട്ടും സബ്സിഡി സാധനങ്ങളും സേവനങ്ങളും പ്രസ്തുത പദ്ധതി വഴി ലഭ്യമാക്കി പൊതുവിതരണം ശക്തിപ്പെടുത്തുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ സാധിക്കാതെ പോയ സാഹചര്യം വിശദമാക്കാമോ; | (ബി) | കെ-സ്റ്റോർ വഴി സബ്സിഡി സാധനങ്ങൾ വിപണനം ചെയ്യുന്നത് സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | ബാങ്കിംഗ്, അക്ഷയ സേവനങ്ങൾ എന്നിവ കെ-സ്റ്റോർ വഴി ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇവ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | അക്ഷയ കേന്ദ്രങ്ങൾക്ക് പകരമുള്ള പൊതുജനസേവന കേന്ദ്രത്തിന്റെ പ്രവർത്തനം കെ-സ്റ്റോർ വഴി നിലവിൽ നൽകി വരുന്നുണ്ട്. ബാങ്കിംഗ് സംവിധാനങ്ങൾ ആരംഭിച്ചിട്ടില്ല. ആയതിനുള്ള ചർച്ചകൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ